Malappuram District Police

# 05.08.2017 വാഴക്കാട്

ബൈക്ക് മോഷണവുമായി ബന്ധപ്പെട്ട് രണ്ട് വിദ്യാർഥികളെയും സൂത്രധാരനേയും വാഴക്കാട് പൊലീസ് പിടികൂടി. തിങ്കളാഴ്ച പുലർച്ച കാരാട് അങ്ങാടിയിൽ നടത്തിയ രാത്രികാല പട്രാളിങ്ങിനിടെയാണ് പ്രതികൾ വലയിലായത്. തേഞ്ഞിപ്പലം ദേവതിയാൽ സ്വദേശികളായ സുഭാഷ് (19), സുമേഷ് (18), പുളിക്കൽ കണ്ണംവെട്ടിക്കാവ് സ്വദേശി ജോമോൻ എന്നിവരാണ് പിടിയിലായത്. പരിശോധനക്കിടെ ബൈക്ക് ഉപേക്ഷിച്ച് മുങ്ങുകയായിരുന്ന ഇവരെ വഴക്കാട് എസ്.ഐ വിജയരാജനും സംഘവുമാണ് പിടികൂടിയത്. നിരവധി മോഷണക്കേസുകളിൽ പ്രതികളാണ് ഇവരെന്ന് അറിവായിട്ടുണ്ട്. പ്രതികളെ മലപ്പുറം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി.